
# ജനതകളുടെ ചരിത്രം പറയുന്ന ഗവേഷണഗ്രന്ഥം

അബ്രഹാം ബെൻഹർ എഴുതിയ *The Jewish Background of Indian People* (ഇന്ത്യൻ ജനതയുടെ യഹൂദ പശ്ചാത്തലം) എന്ന ഗ്രന്ഥം ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ജനതകളുടെ ചരിത്രത്തിന്റെ വേറിട്ട ഒരദ്ധ്യായമാണ്.

വടക്കു പടിഞ്ഞാറെ ഇന്ത്യയിൽ ചരിത്രാതീത കാലത്ത് (ബി.സി. 600) അഭയാർത്ഥികളായി യഹൂദന്മാർ എത്തിയിരുന്നുവെന്നും, പിൽക്കാലത്ത് ഇവർ ഹിന്ദു- ക്രിസ്ത്യൻ- മുസ്ലീം മതവിശ്വാസങ്ങൾ സ്വീകരിക്കുകയും ഇന്ന് തിരിച്ചറിയാനാകാത്ത വിധം ഇന്ത്യൻ സമൂഹത്തിൽ അലിഞ്ഞു ചേർന്നി




രിക്കുകയാണെന്നുമുള്ള ചരിത്ര യാഥാർത്ഥ്യത്തിലേക്ക് ഈ പുസ്തകം വെളിച്ചം വീശുന്നു. അഫ്ഗാനിസ്ഥാൻ മുതൽ ദക്ഷിണേന്ത്യ വരെ വ്യാപിച്ചു കിടക്കുന്ന ഈ സമൂഹത്തിലെ ഹിന്ദുക്കളായ ഭട്ടുകളും, ഭട്ടാചാര്യമാരും, പട്ടേലുകളും, ഗൗഡസാരസ്വതരും, പട്ടന്മാരും, ക്രൈസ്തവരായ സെന്റ് തോമസ് ക്രിസ്ത്യാനികളും, മിസ്സോകളും, മുസ്ലീമുകളായ പത്താൻമാരും, യഹൂദ പശ്ചാത്തലമുള്ളവരാണെന്ന് ഈപുസ്തകം വിശദീകരിക്കുന്നു.

പടയോട്ടങ്ങളുടെയും കുടിയേറ്റങ്ങളുടേയും അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി കാലത്തിനും ജീവിത സാഹചര്യങ്ങൾക്കുമനുസരിച്ചാണ് ഇവർ ഹിന്ദു-ക്രിസ്ത്യൻ-മുസ്ലീം വിശ്വാസപ്രമാണങ്ങൾ സ്വീകരിച്ചതെന്നും ഈ പുസ്തകം വെളിപ്പെടുത്തുന്നു.

പ്രവാസി ജൂതന്മാരുടെ സഞ്ചാരപഥത്തിലെ പുരാവസ്തു ഘനശേഷിപ്പുകളായ ശവക്കല്ലറകളും, ശ്മശാനഗുഹകളും, കുടക്കല്ലുകളും, നാട്ടുകല്ലുകളും, നന്നങ്ങാടികളും ദക്ഷിണേന്ത്യയിലെ ഇവരുടെ ആദിമ താവളങ്ങൾ എവിടെയായിരുന്നുവെന്ന് ചൂണ്ടിക്കാണിക്കുന്നു. ഈ പ്രവാസി ജൂതന്മാരെയാണു സെന്റ് തോമസ് കേരളത്തിൽ കണ്ടുമുട്ടുന്നതും, ക്രിസ്ത്യാനികളാക്കുന്നതും. യഹൂദ താവളങ്ങളിലൂടെ സഞ്ചരിച്ചാണ് സെന്റ് തോമസ്, പാലയൂർ, കൊടുങ്ങല്ലൂർ, കൊട്ടക്കാവ്, കോക്കമംഗലം, നിരണം, നിലക്കൽ, കൊല്ലം, തിരുവിതാംകോട് എന്നിവിടങ്ങളിൽ ക്രിസ്ത്യൻ കൂട്ടായ്മകൾ രൂപീകരിക്കുന്നത്. ഇവയാണ് പിന്നീട് ഏഴര പള്ളികളായി അറിയപ്പെടുന്നത്. സെന്റ് തോമസിൽ നിന്ന്, പാലയൂരിൽ വെച്ച് മാമോദീസ സ്വീകരിച്ച ശങ്കരപുരി, പകലോമറ്റം, കള്ളി, കാളിയാങ്കൽ എന്നീ കുടുംബക്കാർ യഹൂദ ബ്രാഹ്മണരായിരുന്നുവെന്ന് ഈ പുസ്തകം സൂക്ഷ്മ നിരീക്ഷണം നടത്തുന്നു.

ജൂത പരിവർത്തിത ക്രിസ്ത്യാനികളെപ്പോലെ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ജൂത ഹിന്ദുക്കളും ജൂത മുസ്ലീമുകളുമുണ്ടെന്നാണ് ബെൻഹർ തന്റെ പുസ്തകത്തിലൂടെ വിശദീകരിക്കുന്നത്. വിശ്വാസ സ്വാതന്ത്ര്യം ജനാധിപത്യാവകാശമാണെന്ന് പ്രഖ്യാപിക്കുന്നതോടൊപ്പം, ചരിത്ര യാഥാർത്ഥ്യങ്ങളെ സമചിത്തതയോടെ വീക്ഷിക്കണമെന്നും, നാനാത്വത്തിൽ ഏകത്വമുണ്ടെന്ന് ഈ ഗ്രന്ഥം ഉൽബോധിപ്പിക്കുകയും ചെയ്യുന്നു.

## ചില അഭിപ്രായങ്ങൾ

"Abraham Benhur deserves whole hearted appreciation for his work 'The Jewish Background of Indian People'. As a historical, archaeological, anthropological study, this work adopts a different and novel perspective to address a significant issue which has been discussed by various scholars. Benhur tries to prove that the history of the human race after the Flood began at one point. This opens up an interesting as well as fresh approach to the study of humanity-"

- Baselios Marthoma Paulose II
Catholicos of the Apostolic Throne of St. Thomas and Malankara Metropolitan, Kottayam



ജസ്റ്റീസ് കെ.ടി. തോമസ് *ജ്യൂയി ബാക്ക്ഗ്രൗണ്ട് ഓഫ് ഇന്ത്യൻ പീപ്പിൾ* എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം കർമ്മം നിർവ്വഹിക്കുന്നു. സമീപത്ത്, പ്രൊഫ. ടി. ശോഭീന്ദ്രൻ, റവ. ഫാ. സൈമൺ ബഹനാൻ, ഗ്രന്ഥകർത്താവ് അബ്രഹാം ബെൻഹർ, റവ. ഫാ. ജോസഫ് പുതുശ്ശേരി, ജേക്കബ്ബ് തോമസ് ഇടശ്ശേരി, പ്രൊഫ. ജോർജ്ജ് മേനാച്ചേരി, ജോൺ കച്ചിറമറ്റം.

"....One of the most striking, and at the same time extremely thought provoking aspects of the book, 'The Jewish Background of Indian People' under review is the exhaustive efforts made by the author to trace the later history of the Ten Lost Tribes of Israel. He establishes the close similarities to be found between the funerary customs and burial practices of the Jews of the Old Testament times and those of many communities spread all over South Asia from Afghanistan to Pakistan to Karnataka to Wynad to Coimbatore and Kodaikanal to Idukki and Pathanamthitta as also to the Nazrani or St. Thomas Christian strongholds of the Trichur District near Palayur, Porkalam, Kattakambal, Kodungallur (Muziris) and Parur (Pattanam). The place name Kattakambal may have even originated from the term catacomb/catacumbal, the author surmises. Such are the strong similarities between the Jewish funerary methods and the tomb types represented by the megalithic dolmens, burial urns, menhirs, rock-cut caves, capstones, and hood stones abundantly noticed in Kerala and the other locations mentioned.
Descendants of the Lost Ten Tribes are discerned by the author in the Muslim Pathans of North West India, in the Brahmin Pattars and Bhatts of South India, and the St. Thomas Christians or Syrian Christians of Thamilagam including Kerala. Of the South Indian Jews of the early centuries those who did not convert to Christianity later accepted Hinduism, according to the author. What is remarkable is the large number of customs, artifacts, archaeological monuments, and anthropological findings that the author has accumulated and skillfully analysed to the delight of the scholar and general reader alike."

-Prof. George Menacherry
General Secretary
Church History Association of India
Ollur, Thrissur, Kerala

"Learning History appears to be the easier way to understanding oneself. History is memory as well as a reminder......... This points to the need for recording History with atmost care and comprehensiveness. The ethnographic study entitled the *Jewish Background of Indian People* that Mr. Abraham Benhur has so painstackingly prepared, I believe, fulfills these requirements of writing History. It is ethnography extracted from religious texts fortified with historical and archaeological evidence. Though the Bible is the starting point of the study it is at once ethnography of a secular kind.
The book describes the colonisation of the earth by the progeny of Noha and how his progeny achieved it. It is the progress of the human race that Benhur charts out, in order to open up the eyes of humanity. The book informs us and enlightens us about how humanity was devided into clans, communities, tribes and races. It serves to remind us of our true legacy. It points to the right direction that humanity should take.

-Prof. Sobhindran
Chairman, Green World Research Centre,
Calicut, Kerala.

ഇന്ത്യൻ ജനതയുടെ യഹൂദപാശ്ചാത്തലം സമഗ്രമായി പരിശോധിക്കുകയാണ് എബ്രഹാം ബെൻഹർ *ജ്യൂയിഷ് ബാക്ഗ്രൗണ്ട് ഓഫ് ഇന്ത്യൻ പീപ്പിൾ* എന്ന ചരിത്രഗ്രന്ഥത്തിൽ. ചരിത്രത്തിന് അദ്ദേഹം പുതിയ നിർവചനം നൽകി അതിനെ ആത്മകഥയാക്കി പുനർനിർമിക്കുന്നു. ആത്മകഥയെന്ന സ്വന്തം ജീവചരിത്രത്തെ ജീവിതത്തിനപ്പുറത്തേക്ക് വായിച്ചുകൊണ്ടുപോകുന്നു. മനുഷ്യവംശം എന്ന ഒരു ശരീരത്തെയും അതിന്റെ ജീവിതത്തെയും സ്വന്തം ശരീരത്തിലൂടെ അന്വേഷണവിധേയമാക്കുന്നു... ഈ ഗ്രന്ഥം മനുഷ്യചരിത്രത്തിന്റെ ഡി.എൻ.എ. പരിശോധനയാണ്.

- രവീന്ദ്രൻ രാവണേശ്വരം
മാധ്യമം ആഴ്ചപ്പതിപ്പ്, 2011 ജൂലൈ 25